# CURRENT AFFAIRS 28 MAR 2025




- **പൂർണമായും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പുറത്തിറക്കുന്ന ലോകത്തിലെ ആദ്യത്തെ ദിനപത്രം**
  ഇൽ ഫോഗ്ലിയോ (ഇറ്റാലിയൻ പത്രം)

---



- **വയോജനങ്ങളുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ വയോജന കമ്മീഷൻ രൂപീകരിക്കുന്ന ആദ്യ സംസ്ഥാനം**
  കേരളം
  - സാമൂഹ്യ നീതി വകുപ്പിന് കീഴിലാണ് വയോജന കമ്മീഷൻ പ്രവർത്തിക്കുക.
  - അർദ്ധ ജുഡീഷ്യൽ അധികാരങ്ങളോടെയാണ് കമ്മീഷൻ രൂപീകരിക്കപ്പെടുന്നത്.
  - കമ്മീഷനിൽ സർക്കാർ വിജ്ഞാപനം വഴി നിയമിക്കുന്ന ഒരു ചെയർപേഴ്സണും നാലിൽ കവിയാത്ത എണ്ണം അംഗങ്ങളും ഉണ്ടായിരിക്കും. ചെയർപേഴ്സൺ ഉൾപ്പെടെ കമ്മീഷനിൽ നിയമിക്കപ്പെടുന്ന എല്ലാ അംഗങ്ങളും വയോജനങ്ങൾ ആയിരിക്കും. അവരിൽ ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോ പെട്ടയാളും മറ്റൊരാൾ വനിതയും ആയിരിക്കും.
  - വയോജന കമ്മീഷൻ തിരുവനന്തപുരം ആസ്ഥാനമായാണ് പ്രവർത്തിക്കുക.

---




- **കേരളത്തിലെ ലഹരിവ്യാപനം തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഓപ്പറേഷൻ**
  ഓപ്പറേഷൻ ക്ലീൻ സ്ലേറ്റ്

---




- **സംസ്ഥാനത്തെ ആദ്യത്തെ ബുക്ക് വെൻഡിങ് മെഷീൻ സ്ഥാപിതമായ നഗരം**
  തിരുവനന്തപുരം
  - ബുക്ക് മാർക്ക് കേരള ബാങ്കിന്റെ സഹകരണത്തോടെയാണ് ബുക്ക് വെൻഡിങ് മെഷീൻ സ്ഥാപിച്ചത്.

---




- **1975-ൽ ഇന്ത്യ നേടിയ ഹോക്കി ലോകകപ്പ് വിജയത്തിന്റെ 50 വർഷങ്ങൾ ആഘോഷിക്കുന്നതിന്റെ ഭാഗമായി പ്രകാശനം ചെയ്ത പുസ്തകം**
  മാർച്ച് ഓഫ് ഗ്ലോറി
  - ഹോക്കി ചരിത്രകാരനായ കെ. അറുമുഖവും പത്ര പ്രവർത്തകൻ എറോൾ ഡിക്രൂസും ആണ് പുസ്തകത്തിന്റെ രചയിതാക്കൾ.